# പകർപ്പവകാശത്തിന്റെ കാണാപ്പുറങ്ങൾ
# (കോപ്പി റൈറ്റ് നിയമം 1957)

മനുഷ്യൻ ബഹുമുഖജീവിയാണ്. വിവിധ തലങ്ങളിലുള്ള അവന്റെ ഇടപെടലുകളിൽ അറിഞ്ഞോ അറിയാതെയോ നീതിനിഷേധങ്ങളും നിയമലംഘനങ്ങളും സംഭവിക്കാം. സാധാരണ ഗതിയിൽ ദൈനംദിന ജീവിതത്തിൽ സാമൂഹിക ഇടപെടലുകളിൽ കൂടുതൽ ലംഘിക്കപ്പെടുന്ന ഒരു നിയമമാണ് പകർപ്പവകാശ നിയമം. സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഉടമസ്ഥനുള്ളതുപോലെ കലാ-സാഹിത്യ സൃഷ്ടികൾക്കും ഉടമസ്ഥൻമാരുണ്ട്. മറ്റൊരാളുടെ പകർപ്പവകാശം ലംഘിക്കുക എന്നത് സിവിൽ, ക്രിമിനൽ നിയമപ്രകാരമുള്ള കുറ്റകൃത്യമാണ്. കൃതികൾക്കും സിനിമ സിഡികൾ അനധികൃതമായി പകർത്തി വിൽക്കുന്ന ചെറുകിടക്കാരെ ഇടയ്ക്കിടെ പിടികൂടി കേസ് രേഖപ്പെടുത്തുന്നതല്ലാതെ ഇതു സംബന്ധിച്ച് കാര്യമായ ചർച്ചകൾ ഇതുവരെ ഇല്ലായിരുന്നുവെങ്കിലും വാണിജ്യ/ കലാ/ സാംസ്കാരിക മേഖലകളിൽ വരും നാളുകളിൽ വളരെയെധികം ഉപയോഗിക്കപ്പെട്ടേക്കാവുന്ന ഒരു നിയമമാണ് 1957 ലെ പകർപ്പവകാശ നിയമം. നമ്മുടെ ഇടവകകളിൽ പ്രസിദ്ധീകരിക്കുന്ന കൊച്ചു ബുള്ളറ്റിനുകളിൽ പോലും അറിയാതെ എത്രയെത്ര പകർപ്പവകാശ ലംഘനങ്ങൾ നടക്കുന്നുവെന്നും സൂക്ഷ്മവിശകലനത്തിൽ മനസ്സിലാകും.

### പകർപ്പവകാശം എന്ത് ?

ഒരാളുടെ സർഗ്ഗപരമായ കലാസൃഷ്ടി അച്ചടിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വിതരണം ചെയ്ത് നൽകുന്നതിനും സപ്രേക്ഷണം ചെയ്യുന്നതിനും തർജ്ജിമ ചെയ്യുന്നതിനും സിനിമയാക്കുന്നതിനും ഏതെങ്കിലും രീതിയിൽ സൃഷ്ടിയെ ഉപയോഗിക്കുന്നതിനും അതിന്റെ രചയിതാവിന് (ആഥർ) മാത്രമേ അവകാശമുള്ളൂ എന്ന് നിയമപരമായി സംരക്ഷിക്കുന്ന ഒന്നാണ് പകർപ്പവകാശ നിയമം.

ഏതൊക്കെ സൃഷ്ടികൾ പകർപ്പവകാശത്തിന്റെ പരിധിയിൽ വരും?

വ്യക്തിയുടെ സർഗ്ഗവാസനയുടെ ഫലമായി രൂപം കൊണ്ട സാഹിത്യം, സംഗീതം, നാടകം, ചരിത്രം, നൃത്തം, ശില്പങ്ങൾ, ചലച്ചിത്ര നിർമ്മാണം, ഫോട്ടോഗ്രാഫ്, കെട്ടിടത്തിന്റെ പ്ളാൻ മുതലായവ പകർപ്പവകാശ നിയമത്തിന്റെ പരിധിയിൽ വരും. കലാകാരന് തന്റെ സൃഷ്ടിയിൽ നിയമപരമായ സംരക്ഷണം ലഭിക്കുന്നതിന് പകർപ്പവകാശം ഉന്നയിക്കുന്ന കലയ്ക്ക് ഇന്ന രീതിയിലുള്ള മേൻമ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല.

### ആരാണ് രചയിതാവ് ?

സാഹിത്യ-നാടക-രചനാകൃതികളെ സംബന്ധിച്ചിടത്തോളം അത് എഴുതിയ വ്യക്തിയാണ് രചയിതാവ്. (പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യവെ ജോലിയുടെ ഭാഗമായി ചെയ്യുന്ന രചനകളെ സംബന്ധിച്ച് മറിച്ചൊരു കരാറില്ലാത്തിടത്തോളം പത്ര ഉടമയായിരിക്കും ആദ്യ ഉടമസ്ഥൻ).

ഫോട്ടോഗ്രാഫി, ചിത്ര രചന, ചലച്ചിത്ര രചന മുതലായവ ഏത് വ്യക്തിയിൽ നിന്നും പണം വാങ്ങിയയാണോ നടത്തിയത് അയാളായിരിക്കും (മറിച്ചൊരു കരാറില്ലാത്തിടത്തോളം) ആദ്യ ഉടമ.

സിനിമ, സൗണ്ട് റിക്കാർഡിംഗ്, കമ്പ്യൂട്ടർ നിർമ്മിതമായ സാഹിത്യ-നാടക-സംഗീത കലാ സൃഷ്ടികളെ സംബന്ധിച്ചിടത്തോളം അത് ഉണ്ടാക്കിയ വ്യക്തി.

### പകർപ്പവകാശ ഉടമസ്ഥൻെറ അവകാശങ്ങൾ എന്ത് ?

കമ്പ്യൂട്ടർ പ്രോഗ്രാം ഒഴികെയുള്ള സാഹിത്യ-കലാ-സൃഷ്ടികൾ അനുകരിച്ച് വീണ്ടും സൃഷ്ടിക്കുകയോ ഇലക്ട്രോണിക് രൂപത്തിലാക്കി സൂക്ഷിക്കുകയോ ചെയ്യാനുള്ള അവകാശം അതിന്റെ ഉടമസ്ഥനുമാത്രമായിരിക്കും.

സാഹിത്യ-സംഗീത-നാടക രചനകൾ പരസ്യമാക്കാനുള്ള അധികാരം അതിന്റെ ഉടമസ്ഥനാണുള്ളത്. മറ്റൊരു വ്യക്തി അത് പരസ്യപ്പെടുത്തുന്നതും പ്രസിദ്ധീകരിക്കുന്നതും ശിക്ഷാർഹമാണ്.

ഒരാളുടെ സാഹിത്യ സൃഷ്ടിയെ, കൃതിയെ, കലാരൂപത്തെ പരസ്യമായി അവതരിപ്പിക്കാനുള്ള അവകാശവും അതിന്റെ ഉടസ്ഥനുമാത്രമാണ്.

### പ്രസംഗത്തിനും പകർപ്പവകാശമുണ്ട്

ആരാണോ പ്രസംഗം പൊതുവേദിയിൽ അവതരിപ്പിക്കുന്നത്, അയാളാണ് അതിന്റെ പകർപ്പവകാശ ഉടമസ്ഥൻ. പ്രസംഗം മറ്റൊരാൾക്കുപകരമാണെങ്കിൽ, ആർക്കുവേണ്ടിയാണോ പ്രസംഗം നടത്തിയത്, അയാളായിരിക്കും ഉടമസ്ഥൻ. തൊഴിൽസംബന്ധിയായ പ്രസംഗമാണെങ്കിൽ തൊഴിലുടമ തന്നെയായിരിക്കും പ്രസംഗത്തിന്റെയും ഉടമ.

### പകർപ്പവകാശം പതിച്ചുകൊടുക്കൽ

പകർപ്പവകാശത്തിന്റെ ഉടസ്ഥതയുള്ള വ്യക്തിക്ക് മറ്റാർക്കെങ്കിലും പകർപ്പവകാശം വിനിയോഗത്തിനായി പതിച്ചുനൽകാവുന്നതാണ്. എഴുതി കൈയൊപ്പിട്ട് മാത്രം പകർപ്പവകാശം പതിച്ചുകൊടുക്കാവുന്നതാണ്. എത്ര കാലത്തേക്കാണ് വിനിയോഗം എന്ന് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ പതിച്ചു നൽകിയ തീയതി മുതൽ 5 വർഷക്കാലയളവിലേക്കായിരിക്കും കാലാവധി.

### സൗണ്ട് റെക്കോർഡിംഗ്

സംഗീതങ്ങളും മറ്റ് വീഡിയോകളും റെക്കോർഡ് ചെയ്ത് കഴിഞ്ഞ് അതിന്റെ യഥാർത്ഥ പകർപ്പവകാശം ആർക്കാണെന്നതിനെച്ചൊല്ലി ധാരാളം തർക്കങ്ങൾ ഉണ്ടാകാറുണ്ട്. സൗണ്ട്/ വീഡിയോ റിക്കാർഡിംഗ് നടക്കുമ്പോൾ റിക്കാർഡിംഗ് നടത്തിയ വ്യക്തിയുടെ പേരും മേൽവിലാസവും, പകർപ്പവകാശ ഉടമസ്ഥന്റെ പേരും വിലാസവും, ആദ്യം പ്രസിദ്ധീകരിച്ച വർഷം എന്നിവ നിർബന്ധമായും കാണിച്ചിരിക്കണമെന്ന് പകർപ്പവകാശ നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്.

### നിയമ നടപടികൾ

ഭൂമിയും പണവും അപഹരിക്കപ്പെടുന്നതുപോലെ തന്നെ പകർപ്പവകാശം ലംഘിച്ചാലും നിയമപരമായി അതിനെ നേരിടാം. സിവിൽ കോടതികളിൽ നിന്നും ഇൻജങ്ഷൻ, നഷ്ടപരിഹാരം തുടങ്ങിയ നിവൃത്തികൾ പകർപ്പവകാശ നിയമത്തിന്റെ ലംഘനം നടന്നാൽ തേടാവുന്നതാണ്. ക്രിമിനൽ നടപടികളിൽ ചുരുങ്ങിയത് 6 മാസമെങ്കിലും ശിക്ഷയും 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും പകർപ്പവകാശം ലംഘിക്കുന്നതിനുള്ള ശിക്ഷയയി ലഭിക്കും. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പർപ്പവകാശ ലംഘനം നടത്തിയ വസ്തുക്കൾ പിടിച്ചെടുക്കാനും പോലീസിന് അധികാരമുണ്ട്.